**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1413** **19-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ മാനസികാരോഗ്യത്തിനുള്ള പ്രത്യേക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കൗമാരക്കാരായ വിദ്യാർത്ഥികളിലെ ആത്മഹത്യാ പ്രവണത തടയുന്നതിന് നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ വിശദമാക്കാമോ; കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് സ്കൂളുകളിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കാമോ; | (എ) | കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ സന്ദർഭങ്ങളിൽ സ്കൂൾ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് അവർക്ക് കൗൺസിലിംഗ് ഏർപ്പെടുത്തുകയും ആവശ്യമായ സന്ദർഭങ്ങളിൽ കുട്ടികൾക്ക് ആരോഗ്യ,വനിതാ ശിശു വികസന, സാമൂഹ്യ നീതി വകുപ്പുകളുടെ സഹായത്തോടെ വിദഗ്ധ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>കൗമാര പ്രായക്കാരായ കുട്ടികളിൽ ശരിയായ മാനസികാരോഗ്യം വളർത്തിയെടുക്കാനും,സമ്മർദ്ദവും പിരിമുറുക്കവും നേരിടാൻ ആവശ്യമായ ജീവിത നൈപുണി വളർത്തിയെടുക്കാനും, പ്രത്യേക പരിശീലനങ്ങൾ നൽകിക്കൊണ്ട് അവർ ഉൾക്കൊള്ളുന്ന മേഖലകളിലെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ധാരണകളെ നവീകരിക്കുന്നതിനും സമീപനങ്ങളെ ക്രമപ്പെടുത്തുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ് 2018-19 വർഷം മുതൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ്<br><br>" കൗമാരക്കാരായ കുട്ടികൾക്കുള്ള ബോധവൽക്കരണ പരിപാടി". ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെച്ചേർക്കുന്നു.<br><br>1. കൗമാരക്കാലത്തെ ശാരീരിക-മാനസിക-വൈകാരിക-സാമൂഹിക വികാസത്തെക്കുറിച്ച് ധാരണ രൂപപ്പെടുത്തുക.<br><br>2. വികാരങ്ങൾ ആരോഗ്യപരമായ രീതിയിൽ പ്രകടിപ്പിക്കുന്നതിന് കൗമാരക്കാരെ പ്രാപ്തരാക്കുക.<br><br>3. സ്വന്തം ശക്തി ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ് വെല്ലുവിളികളെ അതിജീവിക്കാനുള്ള ജീവിത നൈപുണികൾ സ്വായത്തമാക്കുക. |

| | | | |
|---|---|---|---|
| | | | 4.കൗമാരക്കാർക്ക് വ്യക്തമായ ദിശാബോധത്തോടെയുള്ള വളർച്ചയും ജീവിത ശൈലിയും ഉറപ്പാക്കുക.<br><br>5. വിഭിന്നങ്ങളായ ശേഷികളുള്ള ഓരോ കുട്ടിയും അതുല്യരാണെന്ന് തിരിച്ചറിഞ്ഞ് അവരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും വിശ്വാസ്യതയിലെടുക്കുകയും ചെയ്യുന്നതിന് അധ്യാപകരെയും രക്ഷാകർത്താക്കളെയും പ്രാപ്തരാക്കുക.<br><br>6. സന്തോഷകരമായ പഠനം സാധ്യമാക്കുന്നതിനായി സുതാര്യവും ഭയരഹിതവും പ്രോൽസാഹന ജനകവുമായ അന്തരീക്ഷം വീട്ടിലും , സ്കൂളിലും ,സമൂഹത്തിലും സൃഷ്ടിക്കുക.<br><br>7.വിമർശനാത്മകമായി ചിന്തിക്കാനും അപഗ്രഥിക്കാനും ഉചിതമായ തീരുമാനത്തിലെത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.<br><br>8. കൗമാരക്കാരുടെ ആവശ്യങ്ങളും ആശങ്കകളും മനസ്സിലാക്കി ആരോഗ്യകരമായ ഇടപെടലുകൾ നടത്തി അവരുടെ സമഗ്രമായ വളർച്ചയിൽ അധ്യാപകരെയും രക്ഷാകർത്താക്കളെയും പങ്കാളികളാക്കുക<br><br>ഇതിന്റെ ഭാഗമായി 'ക്രിയാത്മക കൗമാര കരുത്തും കരുതലും' മൊഡ്യൂൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിലും ടീൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു.2024-2025 അധ്യയന വർഷം ഈ പദ്ധതി നടത്തിപ്പിലേയ്ക്കായി രണ്ടു കോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | കുട്ടികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നത് സംബന്ധിച്ച് രക്ഷിതാക്കൾക്കും കുടുംബശ്രീ അംഗങ്ങൾക്കും സ്കൂളുകളിൽ പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസവകുപ്പ് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തപ്പെടുന്ന ലഹരി വിരു ക്യാംപയിനിന്റെ ഭാഗമായി സ്കൂൾ കുട്ടികളുടെ രക്ഷിതാക്കൾക്ക് മാത്രമായി ബോധവൽക്കരണവും പരിശീലനവും നൽകുന്നുണ്ട്. കഴിഞ്ഞ അധ്യയന വർഷം രക്ഷകർത്താക്കളുടെ കൂട്ടായ്മയായ അമ്മ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ കുടുംബങ്ങളിലുള്ള ലഹരി സംബന്ധമായ പ്രശ്നങ്ങൾ ശേഖരിക്കുകയും,സ്കൂൾ ജാഗ്രതാ സമിതിക്ക് വിവരം കൈമാറി പ്രശ്ന പരിഹാരം കാണുന്നതിനുമായി പ്രവർത്തിക്കുന്നുണ്ട്. ഈ വർഷത്തെ ലഹരി വിരുദ്ധ ക്യാംപയിൻ പ്രവർത്തനങ്ങൾക്ക് 1.5 കോടി |

| | | | | |
|---|---|---|---|---|
| | | | | വകയിരുത്തിയിട്ടുള്ളതും ആയതിൽ രക്ഷകർത്ത ബോധവൽക്കരണം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ